## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1549** **14-07-2016-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ പദ്ധതി</u>**

| | ചോദ്യം<br><br>ശ്രീ. എം. രാജഗോപാലൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിനായി അപേക്ഷിച്ചവർക്ക് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും ഒടുക്കിയ തുക തിരികെ ലഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | റീ ഇംബേഴ്സ്മെന്റ് അപേക്ഷകളോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജനൽ ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ്ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതുണ്ട്. റീഇംബേഴ്സ്മെന്റിനായുള്ള അപേക്ഷകൾ അപൂർണമായി സമർപ്പിക്കുന്നതിനാലാണ് ചികിത്സാ സഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്. |
| (ബി) | കാലതാമസം വരുത്തുന്നവർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോയെന്നും, എത്രകോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ ? | (ബി) | റീഇംബേഴ്സ്മെന്റ് സംബന്ധിച്ചുള്ള അപേക്ഷകളിന്മേൽ കാലതാമസം വരുത്താതിരിക്കാൻ വകുപ്പുതലത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. റീഇംബേഴ്സ്മെന്റിനുള്ള പൂർണമായ അപേക്ഷകൾ പരിശോധിച്ച് അർഹത വിലയിരുത്തിയാൽ മാത്രമെ എത്ര കോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ.